**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2398** **12-10-2021 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണം കൊണ്ടുപോകുന്നതിന് ഇ-വേ ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നികുതിവെട്ടിച്ച് സ്വർണ്ണാഭരണങ്ങൾ കടത്തുന്നത് തടയാൻ ജി.എസ്.ടി. വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; സ്വർണ്ണം കൊണ്ടുപോകുന്നതിന് ഇ-വേ ബിൽ നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് സ്ക്വാഡുകളുടെ നിതാന്ത വാഹന പരിശോധന, ജുവലറികൾ, ഹാൾ മാർക്കിങ് സ്ഥാപനങ്ങൾ, സ്വർണാഭരണ നിർമാണ കേന്ദ്രങ്ങൾ, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ എന്നിവയ്ക്ക് സമീപമുള്ള രഹസ്യ നിരീക്ഷണം, നിയമ പ്രകാരമുള്ള കട പരിശോധന എന്നിവയിലൂടെ ഈ മേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിനും വരുമാനം സംരക്ഷിക്കുന്നതിനും വകുപ്പിന് സാധ്യമായിട്ടുണ്ട്. സ്വർണം ഉൾപ്പെടെയുള്ള ചരക്കിന്റെ നികുതി വെട്ടിപ്പ് സംബന്ധിച്ച രഹസ്യ വിവരം നൽകുന്നവർക്ക് പ്രോത്സാഹനം എന്ന നിലയിൽ ഇനാമും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 129 പ്രകാരം ശരിയായ രേഖകൾ ഇല്ലെങ്കിലോ ഏതെങ്കിലും വകുപ്പിന്റെ ലംഘനം ഉണ്ടെങ്കിലോ നികുതിയും തത്തുല്യമായ തുക പെനാൽറ്റിയും ഈടാക്കുന്നു. നികുതി വെട്ടിപ്പിനാണ് ശ്രമമെന്ന് ബോധ്യപ്പെട്ടാൽ പ്രത്യേകിച്ച് രേഖകൾ ഇല്ലാത്ത സ്വർണ്ണമാണെങ്കിൽ വകുപ്പ് 130 പ്രകാരം ടി സ്വർണ്ണം കണ്ടുകെട്ടുകയും ചെയ്തുവരുന്നു. സ്വർണം കൊണ്ടുപോകുന്നതിന് ഇ-വേബിൽ നിർബന്ധമാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിൽ മുമ്പാകെ വെച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജി.എസ്.ടി കൗൺസിൽ ഒരു GOM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ അനധികൃതമായി കടത്തിയ എത്ര കിലോ സ്വർണ്ണം പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; രേഖകളില്ലാതെ കടത്തിയ സ്വർണ്ണം പിടിച്ച സംഭവങ്ങളിൽ ജി.എസ്.ടി നിയമത്തിലെ | (ബി) | കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ 551.31 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുക്കുകയും 3793.17 ലക്ഷം രൂപ ടാക്സ്, പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വ്യവസ്ഥകൾ പ്രകാരം തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ